"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - നിയമനാംഗീകാരം - ശ്രീമതി റിസ്മിൻ എ.ടി, എൽ.പി.എസ്.ടി, വടയം സൗത്ത് എൽ.പി സ്കൂൾ, കോഴിക്കോട് - റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (എൽ) വകുപ്പ്

G.O.(Rt)No.8267/2025/GEDN തീയതി,തിരുവനന്തപുരം, **09-10-2025**

പരാമർശം:- 1. വടയം സൗത്ത് എൽ.പി സ്കൂൾ മാനേജർ സമർപ്പിച്ച **11/04/2025** തീയതിയിലെ റിവിഷൻ ഹർജി

2. കുന്നുമ്മൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **AEOKML/314/2025-F** നമ്പർ കത്ത്

3. വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **30/07/2025** തീയതിയിലെ **DEOVKA/1201/2025-B5** നമ്പർ കത്ത്

4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **31/07/2025** തീയതിയിലെ **DGE/15291/2025-G2** നമ്പർ കത്ത്

ഉത്തരവ്

കോഴിക്കോട് ജില്ലയിൽ വടകര വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട വടയം സൗത്ത് എൽ.പി സ്കൂളിൽ എൽ.പി.എസ്.ടി ആയ ശ്രീമതി. റിസ്മിൻ എ.ടി.യുടെ നിയമനാംഗീകാരം സംബന്ധിച്ച് മാനേജർ സമർപ്പിച്ച പരാമർശം 1 റിവിഷൻ ഹർജി തീർപ്പാക്കുന്നതിന്റെ ഭാഗമായി മാനേജരേയും ബന്ധപ്പെട്ട മറ്റ് കക്ഷികളേയും **31.7.2025** ന് കേൾക്കുകയുണ്ടായി.

2. ഹിയറിംഗ് വേളയിലെ മാനേജരുടെ വാദങ്ങൾ ചുവടെ ചേർക്കുന്നു :-

2023 - 24 വർഷത്തിൽ ഈ വിദ്യാലയത്തിൽ അനുവദിച്ച അധിക എൽ.പി.എസ്.ടി തസ്തികയിലാണ് ശ്രീമതി.റിസ്മിൻ എ.ടി യെ **03/10/23** മുതൽ ശമ്പള സ്കെയിലിൽ നിയമിച്ച ത്. എന്നാൽ നിയമനാംഗീകാരം, താഴെ കാണിച്ചിരിക്കുന്ന കാരണങ്ങളാൽ കുന്നുമ്മൽ ഉപ ജില്ലാ വിദ്യാഭ്യാസ ആഫീസർ തത്സമയം നിരസിച്ചു.

1. അധിക തസ്തിക 2023 - 24 വർഷത്തിൽ അനുവദിച്ചിട്ടില്ല.

2023 - 24 വർഷത്തിൽ അധിക തസ്തിക ഗവ.തല നിർദ്ദേശ പ്രകാരം ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ അനുവദിച്ചെങ്കിലും, ഡയറക്ടർ തലം വരെ ഫയൽ ചെയ്ത റിവിഷൻഹർജിയും നിരസിച്ചിരിക്കുകയാണ്. റിവിഷൻ ഹർജി നിരസിക്കാൻ ഡയറക്ടർ ചൂണ്ടിക്കാട്ടിയ കാരണങ്ങൾ :

1. അധിക തസ്തികയിൽ 1:1 റേഷ്യോ പ്രകാരം സംരക്ഷിതാദ്ധ്യാപക നിയമന വ്യവസ്ഥ പാലിച്ചിട്ടില്ല.

2. സീനിയർ ആയി നിയമിതരായവർക്ക് അംഗീകാരം ലഭിച്ചിട്ടില്ല

താഴെ പറയുന്ന വസ്തുതകൾ ഈ അവസരത്തിൽ പരിഗണിച്ചാലും.

23/08/24 ലെ ഗവ.ഉത്തരവ് (കൈ) 106 /24/പൊ.വി.വ. പ്രകാരം ഒരു അധിക എൽ.പി.എസ്.ടി തസ്തിക 2023 - 24 വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ഒഴിവ് നിലവിലില്ലെന്ന തടസ്സം ഇപ്പോൾ നില നിൽക്കുന്നില്ല.

1. ഈ നിയമന അംഗീകാരത്തിനായി, ഭാവിയിൽ വരുന്ന ഒരു ഒഴിവ് സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി മാറ്റിവെക്കാൻ മാനേജർ സന്നദ്ധനാണെന്ന് അറിയിക്കുന്നു. 06/02/21 ലെ ഗവ.ഉത്തരവ് (പി) 04/21/പൊ.വി പ്രകാരം സത്യപ്രസ്താവന മാനേജർ സമർപ്പിക്കുന്നതുമാണ്.

2. സീനിയർ ആയി നിയമിതരായവരുടെ നിയമനാംഗീകാര പ്രൊപ്പോസൽ കുന്നുമ്മൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ പരിഗണനയിലാണ്.

മേൽ വസ്തുതകൾ കണക്കിലെടുത്ത് ശ്രീമതി. റിസ്മിൻ എ.ടി യുടെ എൽ.പി.എസ്.ടി നിയമനത്തിന് 03/10/23 മുതൽ അഗീകാരം നൽകാനുള്ള നിർദ്ദേശം കുന്നുമ്മൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നൽകണമെന്നഭ്യർത്ഥിക്കുന്നു.

3. വിദ്യാഭ്യാസ അധികൃതരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:-

വടയം സൗത്ത് എൽ പി സ്കൂളിൽ **2023-24** വർഷം അനുവദിക്കുമെന്ന് പ്രതീക്ഷിക്കുന്ന അധിക തസ്തികയിൽ മാനേജർ ശ്രീമതി. റിസ്മിൻ എ ടി യെ **03/10/2023** മുതൽ എൽ പി എസ് ടി തസ്തികയിൽ നിയമിക്കുകയും നിയമനം അംഗീകരിക്കുന്നതിന് പ്രപ്പോസൽ സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത അപേക്ഷയിൽ **2023-24** വർഷത്തെ അധിക തസ്തിക അനുവദിച്ച് ഉത്തരവായിട്ടില്ല, യോഗ്യത സർട്ടിഫിക്കറ്റിന്റെ പകർപ്പാണ് പ്രെപ്പോസലിനൊപ്പം ഉള്ളടക്കം ചെയ്തത്, നിയമനാംഗീകാര അപേക്ഷ നിർദിഷ്ട സമയ പരിധിയ്ക്കുള്ളിൽ സമർപ്പിച്ചിട്ടില്ല ,എന്നീ കാരണങ്ങളാൽ കുന്നുമ്മൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രൊപ്പോസൽ നിരസിക്കുകയുണ്ടായി.

നിയമനം നിരസിച്ചതിനെതിരെ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി **1:1** അനുപാതം പാലിച്ചിട്ടില്ല, സീനിയർ അധ്യാപകരുടെ നിയമനം അംഗീകരിച്ചിട്ടില്ല എന്ന കാരണത്താൽ പൊതുവിദ്യാഭ്യസ അഡീഷണൽ ഡയറക്ടർ നിരസിച്ച് ഉത്തരവായി.

മേൽ റിവിഷൻ അപ്പീലിന്മേൽ ചുവടെ ചേർക്കുന്ന വസ്തുതകൾ കൂടി ബോധിപ്പിക്കുന്നു. സ്കൂളിൽ **2023-24** അധ്യയന വർഷത്തെ അധിക തസ്തികകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്, സീനിയർ അധ്യാപകരുടെ നിയമനങ്ങൾക്ക് അഗീകാരം ലഭിച്ചിട്ടുണ്ട്. എന്നാൽ അധിക തസ്തികയിലെ നിയമനങ്ങൾ സംബന്ധിച്ച **1:1** അനുബന്ധം പാലിക്കാത്തതിനാൽ മേൽ നിയമന അപ്പീൽ നിരസിച്ച് ഉത്തരവാകാവുന്നതാണെന്ന് അറിയിക്കുന്നു.

4. മേൽ വസ്തുതകൾ, ഹിയറിംഗ് സമയത്തെ വാദങ്ങൾ, ലഭ്യമായ റിപ്പോർട്ടുകൾ, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.

കോഴിക്കോട് ജില്ലയിൽ വടകര വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട വടയം സൗത്ത് എൽ.പി. സ്കൂളിൽ എൽ.പി.എസ്.ടി ആയ ശ്രീമതി. റിസ്മിൻ എ.ടി.യുടെ **3.10.2023** മുതലുള്ള നിയമനം അംഗീകരിച്ചു നൽകണമെന്നതാണ് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജിയിലെ ആവശ്യം.

വടയം സൗത്ത് എൽ പി സ്കൂളിൽ **2023-24** വർഷത്തെ പ്രതീക്ഷിത എൽ പി എസ് ടി അധിക തസ്തികയിൽ മാനേജർ ശ്രീമതി റിസ്മിൻ .എ .ടി യെ **03/10/2023** മുതൽ എൽ പി എസ് ടി ആയി നിയമിച്ചു .ടി നിയമനം താഴെ പറയുന്ന കാരണങ്ങളാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു.

1) 2023-24 വർഷം അധിക തസ്തിക അനുവദിച്ചുത്തരവായിട്ടില്ല .

2) യോഗ്യത സർട്ടിഫിക്കറ്റിന്റെ പകർപ്പാണ് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തത്.

3) നിശ്ചിത സമയത്തിനുള്ളിൽ നിയമനാംഗീകാര അപേക്ഷ സമർപ്പിച്ചിട്ടില്ല .

ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ നിയമനം നിരസിച്ചതിനെതിരെ അപ്പീൽ സമർപ്പിച്ചെങ്കിലും നിശ്ചിത സമയ പരിധിക്കുള്ളിൽ സമർപ്പിക്കാത്തതിനാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അപ്പീൽ നിരസിച്ചു.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ അപ്പീൽ നിരസിച്ചതിനെ തുടർന്ന് മാനേജർ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ അപ്പീൽ സമർപ്പിച്ചു. **2023-24** വർഷത്തിൽ അധിക എൽ പി എസ്.ടി തസ്തിക പിന്നീട് അനുവദിച്ചുത്തരവായിട്ടുണ്ട് . അധിക തസ്തികയിലെ നിയമനങ്ങൾക്ക് **1:1** അനുപാതം പാലിച്ചിട്ടില്ല, സീനിയർ നിയമനങ്ങൾ അംഗീകരിച്ചിട്ടില്ല എന്നീ കാരണങ്ങളാൽ പൊതു വിദ്യാഭ്യാസ ഡയറക്ടറും അപ്പീൽ നിരസിക്കുകയുണ്ടായി.

സീനിയർ അധ്യാപകരുടെ നിയമനങ്ങൾ അംഗീകരിച്ചിട്ടുണ്ടെന്ന് ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ അറിയിച്ചു. എന്നാൽ അധിക തസ്തികയിലെ നിയമനങ്ങൾക്ക് മാനേജർ **1:1** അനുപാതം പാലിച്ചിട്ടില്ലെന്ന് കാണുന്നു. അധിക തസ്തികകളിലെ നിയമനങ്ങൾക്ക് മാനേജർ **1:1** അനുപാതം പാലിക്കാത്തതിനാൽ ശ്രീമതി റിസ്മിൻ .എ . ടി യുടെ അധിക തസ്തികയിലെ നിയമനം അംഗീകരിക്കുവാൻ കഴിയില്ല.

സംരക്ഷിതാധ്യാപകരുടെ നിയമനത്തിനായി മാറ്റിവയ്ക്കേണ്ട തസ്തികകളിലെ

ഒഴിവുകളിലേക്ക് മാനേജർമാർ യഥാസമയം നിയമപ്രകാരം സംരക്ഷിതാദ്ധ്യാപകരെ ആവശ്യപ്പെടുകയും എന്നാൽ വിവിധ കാരണങ്ങളാൽ അവരെ നൽകാൻ കാലതാമസം നേരിടുകയും ചെയ്യുന്ന സാഹചര്യമുണ്ടായാൽ പ്രസ്തുത ഒഴിവുകളിൽ അക്കാദമിക താല്പര്യം മുൻനിർത്തി ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്താൻ അനുവാദം നൽകാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ **2.6.2019** ലെ **DPI/4747/2019-H2** നമ്പർ കത്ത് വഴി വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്.

സംരക്ഷിതാദ്ധ്യാപകരെ നിയമിക്കാനുള്ള തസ്തികകളിലെ ഒഴിവുകൾ മാനേജർമാർ നിയമാനുസ്തം വിട്ടുനൽകിയിട്ടും പ്രസ്തുത ഒഴിവുകളിലേക്ക് സംരക്ഷിതാധ്യാപകരെ പുനർവിന്യസിക്കാത്തതിനാൽ സ്കൂളിൽ നടത്തിയിട്ടുള്ള മറ്റു നിയമനങ്ങൾക്ക് അംഗീകാരം നൽകുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടാകുന്നത് ഒഴിവാക്കപ്പെടേണ്ടതാണ്. ആയതിനാൽ കെ.ഇ.ആർ അദ്ധ്യായം **XXI** ചട്ടം **7 (5)** ലെ വ്യവസ്ഥയ്ക്ക് ഇളവ് നൽകിക്കൊണ്ട്, ചട്ടങ്ങൾ **7 (2), (3),(a)** എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സംരക്ഷിതാധ്യാപകരെ നിയമിക്കേണ്ട തസ്തികകളിലെ ഒഴിവുകളിൽ മാനേജർ നിയമനം നടത്താതെ നിയമാനുസ്തം അവ സംരക്ഷിതാധ്യാപകരുടെ നിയമനത്തിനായി മാറ്റിവച്ചുകൊണ്ട് അക്കാര്യം വിദ്യാഭ്യാസ ഓഫീസറെ അറിയിച്ചിട്ടുണ്ടെങ്കിൽ, പ്രസ്തുത സ്കൂളിൽ സംരക്ഷിതാധ്യാപകരെ നിയമിക്കാത്തതിനാൽ അംഗീകാരം തടസ്സപ്പെട്ടിരിക്കുന്ന മറ്റു നിയമനങ്ങൾക്ക് നിയമനതീയതി മുതൽക്ക് അംഗീകാരം നൽകുന്നതിന് **18.7.2023** ലെ സ.ഉ.(കൈ) നം. **101/2023**/പൊ.വി.വ പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം സർക്കാർ ഇളവുകൾ നൽകിയിട്ടും **1:1** അനുപാതം പാലിക്കാതെ മാനേജർമാർ നിയമനം നടത്തുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല. ഇവിടെ തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് **2023-24** ആകയാൽ ആയത് സ.ഉ.(പി) നം. **4/2021**/പൊ.വി.വ. ഉത്തരവ് പ്രകാരമുള്ള സത്യപ്രസ്താവനയുടെ പരിധിയിൽ വരുന്നില്ല.

അധിക തസ്തികകളിലെ നിയമനങ്ങൾക്ക് മാനേജർ **1:1** അനുപാതം പാലിക്കാത്തതിനാൽ ശ്രീമതി റിസ്മിൻ .എ . ടി യുടെ **3.10.2023** മുതലുള്ള അധിക തസ്തികയിലെ നിയമനം അംഗീകരിക്കുന്നതിന് നിർവ്വാഹമില്ല. ഈ

സാഹചര്യത്തിൽ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജയിലെ ആവശ്യം നിരസിച്ചു കൊണ്ട് പരാമർശം 1 ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SWAPNA P

JOINT SECRETARY

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വടകര, കോഴിക്കോട്
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കുന്നുമ്മൽ, കോഴിക്കോട്
മാനേജർ, വടയം സൗത്ത് എൽ.പി സ്കൂൾ, വടയം പി.ഒ, കോഴിക്കോട് - **673507**
ശ്രീമതി റിസ്മിൻ എ.ടി, എൽ.പി.എസ്.ടി, വടയം സൗത്ത് എൽ.പി സ്കൂൾ, വടയം പി.ഒ, കോഴിക്കോട് - **673507**
ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by Asha Rani M
Date: 10-10-2025 11:17:37

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ